**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2093

18.06.2013-ലെ മറുപടിയ്ക്ക്

## വിലക്കയറ്റം നേരിടുന്നതിന് പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം നേരിടുന്നതിനായി സഹകരണ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) വിലക്കയറ്റം നേരിടുന്നതിനായി സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർ ഫെഡറേഷൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. കൺസ്യൂമർ ഫെഡറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണികൾ സജ്ജമാക്കിയിട്ടുണ്ട്.<br>2. പത്ത് ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ കൺസ്യൂമർ |

| | | | |
|---|---|---|---|
| | | | ഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും നടത്തി വരുന്നു.<br>3. ഉത്സവകാല സബ്സിഡി വിപണികളിലൂടെ പൊതുവിപണിയിൽ നിന്നും 15% മുതൽ 60% വരെ വിലകുറച്ച് 13 ഇനം അവശ്യ സാധനങ്ങളും 30% മുതൽ 40% വരെ വിലകുറച്ച് 15 ഇനം പച്ചക്കറികളും വിൽപ്പന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് ? | (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഒരു ത്രിവേണി സൂപ്പർ മാർക്കറ്റും ഒരു സഞ്ചരിക്കുന്ന ത്രിവേണിയും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ